"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്-പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് പഠനക്കിറ്റ് വിതരണം-അനുമതി നൽകി ഉത്തരവ്

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.660/2026/LBR തീയതി,തിരുവനന്തപുരം, 26-05-2026

---

പരാമർശം:-

1. 17.12.2025-ലെ സ.ഉ(സാധാ) നം. 1403/2025/തൊഴിൽ.
2. 19.05.2026-ലെ 717 ◌ാമത് ബോർഡ് യോഗ തീരുമാനം.
3. 23.05.2026-ലെ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/776/2026-B3 നം.കത്ത്.

**<u>ഉത്തരവ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് 2026-2027 അദ്ധ്യയന വർഷം മുതൽ പഠന കിറ്റ്(ബാഗ്-1, കുട-1, പെൻസിൽ ബോക്സ്-1, പേന-2, പെൻസിൽ-2, ഇറേസർ-1, ഷാർപ്പ്നർ-1, നോട്ട് ബുക്ക്-2-4) ജി.എസ്.റ്റി അടക്കം പരമാവധി ആയിരം രൂപയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിനുള്ള ബോർഡ് യോഗ തീരുമാനത്തിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2026 ജൂൺ 1 മുതൽ അക്കാദമിക് വർഷം ആരംഭിക്കുമെന്നതിനാൽ, 21.05.2026 ◌ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകർക്ക് പഠനക്കിറ്റ് വിതരണം ചെയ്യുന്നതിനും, പ്രസ്തുത പഠന കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കി കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും പരാമർശം (2) പ്രകാരമുള്ള ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും , 21.05.2026 ◌ാം തീയതി വരെ ലഭ്യമായിട്ടുള്ള 983 അപേക്ഷകർക്കുള്ള പഠന കിറ്റ് കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറിൽ നിന്നും ഒൻപത് ലക്ഷത്തി എൺപത്തി രണ്ടായിരത്തി പതിനേഴ് രൂപ(9,82,017/-രൂപ

മാത്രം) നൽകി വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് 2026-2027 അദ്ധ്യയന വർഷം പഠന കിറ്റ്(ബാഗ്-1, കുട-1, പെൻസിൽ ബോക്സ്-1, പേന-2, പെൻസിൽ-2, ഇറേസർ-1, ഷാർപ്പ്നർ-1, നോട്ട് ബുക്ക്-2-4) വിതരണത്തിനായി (983 അപേക്ഷകൾ) ഒൻപത് ലക്ഷത്തി എൺപത്തി രണ്ടായിരത്തി പതിനേഴ് രൂപ(9,82,017/-രൂപ മാത്രം) ചെലവഴിച്ച് കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറിൽ നിന്നും പഠന കിറ്റ് വാങ്ങുന്നതിന് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ്), കേരള,തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Abhilash S S
Date: 26-05-2026 20:28:32

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തൊഴിൽ, മൃഗസംരക്ഷണ -വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ പി.എസ്-ന്